# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.659      29/10/2019-ൽ മറുപടിക്ക്

### ഏറനാട് ലൈൻസ് പാക്കേജിന്റെ ടെണ്ടർ നടപടികൾ

| | ചോദ്യം<br><br>**ശ്രീ.കെ.സി.ജോസഫ്<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, അനിൽ അക്കര<br>,, റോജി എം. ജോൺ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ട്രാൻസ് ഗ്രിഡ് പദ്ധതിയുമായി ബന്ധപ്പെട്ട ഏറനാട് ലൈൻസ് പാക്കേജിന്റെ ടെണ്ടർ നടപടികളിൽ പങ്കെടുക്കാനായി എത്ര കമ്പനികൾ പ്രീ-ക്വാളിഫൈ ചെയ്തു എന്ന് വ്യക്തമാക്കാമോ; | (എ) | ട്രാൻസ്ഗ്രിഡ് പദ്ധതി നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ സമാന മേഖലയിൽ പരിചയ സമ്പത്തും സാമ്പത്തിക അടിത്തറയും ഉള്ള കരാറുകാരെ ക്ഷണിച്ചു കൊണ്ട് താല്പര്യ പത്രം വിളിക്കുകയും തുടർന്ന് 400 കെ.വി ലൈനുകൾ അടക്കമുള്ള ട്രാൻസ്മിഷൻ ലൈനുകൾ ഏറ്റെടുത്ത് നടത്തുന്നതിന് ചുവടെ ചേർത്തിരിക്കുന്ന 6 കമ്പനികൾ യോഗ്യത നേടുകയുമുണ്ടായി.<br>1. Sterlite Power Transmission Limited.<br>2. Larsen Toubro Limited.<br>3. Bajaj Electrical Limited.<br>4. Maharashtra Eastern Grid Power Transmission Limited.<br>5. A to Z Infra Engineering Limited.<br>6. Gammon India Limited.<br><br>ഈ കമ്പനികൾ ERANAD Lines Package ടെണ്ടറിൽ പങ്കെടുക്കുവാൻ യോഗ്യത നേടി. |
| (ബി) | പ്രീ-ക്വാളിഫൈ ചെയ്ത കമ്പനികളിൽ രണ്ടു കമ്പനികൾ മാത്രം ടെണ്ടർ നടപടികളിൽ പങ്കെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | പ്രസ്തുത ടെണ്ടറിന്റെ പ്രീബിഡ് മീറ്റിങ്ങിനായി എല്ലാവരെയും അറിയിച്ചിരുന്നുവെങ്കിലും താഴെ പറയുന്ന കമ്പനികൾ മാത്രമാണ് പങ്കെടുത്തിരുന്നത്.<br>1. Sterlite Power Transmission Limited. |

| | | | |
|---|---|---|---|
| | | | 2. Larsen Toubro Limited.<br>പ്രീ-ക്വാളിഫൈ ചെയ്ത മറ്റ് നാല് കമ്പനികൾ ടെണ്ടർ സമർപ്പിച്ചില്ല. |
| (സി) | ടെണ്ടർ നൽകുമ്പോൾ എസ്റ്റിമേറ്റിൽ പത്തു ശതമാനത്തിൽ കൂടാൻ പാടില്ല എന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ സ്റ്റാർലൈറ്റ് എന്ന കമ്പനിക്ക് 90 കോടി രൂപ എക്സസ്സിൽ ടെണ്ടർ അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ? | (സി) | പ്രസ്തുത ടെണ്ടറിൽ സ്റ്റെർലൈറ്റ് എന്ന കമ്പനിയാണ് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത്. ടെണ്ടർ നൽകുമ്പോൾ എസ്റ്റിമേറ്റിൽ 10 ശതമാനം കൂടുതൽ പാടില്ല എന്ന സർക്കാർ ഉത്തരവ് PWD പോലെയുള്ള ഗവൺമെന്റ് ഡിപ്പാർട്ട് മെന്റിനാണ് ബാധകമായിട്ടുള്ളത്. 10% അധികം ക്വാട്ട് ചെയ്താൽ അത് അംഗീകരിക്കണമോ എന്നത് കെ.എസ്. ഇ.ബി യുടെ ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാണ്. വിവിധ പരിശോധന കൾക്കും താരതമ്യ പഠനങ്ങൾക്കും ശേഷമാണ് ഏറ്റവും കുറഞ്ഞ തുകയ്ക്ക് സ്റ്റെർലൈറ്റിന് കരാർ നൽകുവാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചത്. സാധാരണ ടെണ്ടറിൽ നിന്നും വിഭിന്നമായി 7 കൊല്ലം വാറണ്ടി, പണി പൂർത്തിയായാൽ മാത്രം മുഴുവൻ തുക നൽകുന്ന വ്യവസ്ഥ മുതലായ കർശന നിബന്ധനകൾ കാരണം റീ-ടെണ്ടർ ചെയ്താലും ഇതിലും കുറഞ്ഞ തുക ക്വാട്ട് ചെയ്യപ്പെടുവാൻ സാധ്യതയില്ല എന്ന് കണ്ടെത്തിയതിനാലാണ് ഡയറക്ടർ ബോർഡ് കരാർ സ്റ്റെർലൈറ്റിനു കൊടുക്കുവാൻ അന്തിമമായി തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ